സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 152 2025 സെപ്തംബർ 16 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കന്യാസ്ത്രീ തൂങ്ങിമരിച്ച നിലയിൽ

കൊല്ലം: കൊല്ലം നഗരത്തിലെ നിത്യാരാധന മഠത്തിൽ കന്യാസ്ത്രീയെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. മധുര സ്വദേശി മേരി സ്കോളിസ്റ്റ (32) ആണ് മരിച്ചത്. തിങ്കളാഴ്ച വൈകിട്ട് മൂന്നോടെയായിരുന്നു സംഭവം. പക്ഷേ, പൊലീസും മഠത്തിലെ അധികാരികളും ഇക്കാര്യം മറച്ചുവെച്ചെന്ന് ആരോപണമുയർന്നിട്ടുണ്ട്. ആശുപത്രിയിൽനിന്ന് ലഭിച്ച വിവരത്തെ തുടർന്നാണ് കന്യാസ്ത്രീ ജീവനൊടുക്കിയ വിവരം പുറംലോകമറിഞ്ഞത്. ഈസ്റ്റ് പൊലീസ് എത്തി നടത്തിയ പരിശോധനയിൽ ആത്മഹത്യ കുറുപ്പ് കണ്ടെത്തിയിട്ടുണ്ട്. കുറിപ്പിൽ വ്യക്തിപരമായ കാരണങ്ങൾ കൊണ്ട് ആത്മഹത്യ ചെയ്യുന്നു എന്നായിരുന്നു. എന്നാൽ ഇവർക്ക് മാനസിക പ്രശ്നങ്ങൾ ഉള്ളതായാണ് പൊലീസിന് ലഭിച്ചിരിക്കുന്ന മൊഴി. ആത്മഹത്യയിൽ മറ്റു സംശയങ്ങൾ ഇല്ലെന്നാണ് പൊലീസ് പറയുന്നത്.

ശബരിമല ഒരു പേടി സ്വപ്നമായി മാറിയെന്ന് പിഎസ് പ്രശാന്ത്



തിരു: ശബരിമലയിൽ എന്ത് ചെയ്താലും തിരിച്ചടിയുണ്ടാകുമെന്ന പേടി തനിക്കും ഭക്തർക്കുമുണ്ടെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പിഎസ് പ്രശാന്ത്. ദൈനംദിന കാര്യത്തിനും താന്ത്രിക കാര്യത്തിനും തടസം നിൽക്കുന്നു. ആരാണ് തടസമുണ്ടാക്കുന്നതെന്ന് പറയുന്നില്ല. മറ്റ് ക്ഷേത്രങ്ങൾക്ക് ഒന്നും ഇല്ലാത്ത തടസം ശബരിമലയിലുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്വർണപ്പാളി അറ്റകുറ്റപ്പണിയിലെ കോടതി ഇടപെടലിനിടെയാണ് പിഎസ് പ്രശാന്ത് ഇങ്ങനെ ഒരു പ്രതികരണം നടത്തിയത്.

'സ്വർണപ്പാളി വിഷയത്തിൽ മാർഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് ചെയ്തിരിക്കുന്നത്. ദർശനത്തിന് ആളുകൾക്ക് ശബരിമലയിൽ വരാൻ ഭയമാണ്. എന്തെങ്കിലും സമർപ്പിക്കാൻ ഭയമാണ്. ശബരിമല ഒരു പേടി സ്വപ്നമായി മാറിയിരിക്കുകയാണ്. മറ്റ് ക്ഷേത്രങ്ങൾക്കൊന്നും ബാധകമാകാത്ത ചില തടസങ്ങൾ ശബരിമലയിലുണ്ട്. എങ്ങനെയാണ് ശബരിമലയിലെ ദൈനംദിന വികസനങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടത് എന്ന കാര്യത്തിൽ എനിക്കും പേടിയുണ്ട്.

എല്ലാ കാര്യത്തിലും ആശങ്കയുണ്ട്. അതിനെ സംബന്ധിച്ച് കൃത്യമായ രൂപരേഖ വേണം. ആ രേഖയില്ലെങ്കിൽ മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസമായിരിക്കും. ആരാണ് തടസം നിൽക്കുന്നതെന്ന കാര്യം ഞാൻ പറയുന്നില്ല. ഒരു ആരാധനാലയത്തെ സംബന്ധിച്ച് അതൊരു നല്ല കാര്യമല്ല. എല്ലാം മാറ്റി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോടതി ചോദിച്ച ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി ഞങ്ങൾ നൽകിയിട്ടുണ്ട്. സ്വർണപാളി വിഷയം ഏത് അന്വേഷണ ഏജൻസി വേണമെങ്കിലും അന്വേഷിച്ചോട്ടെ. ഞങ്ങളുടെ കൈകൾ ശുദ്ധമാണ്'– പിഎസ് പ്രശാന്ത് പറഞ്ഞു.

ശബരിമല ശ്രീകോവിലിന് മുന്നിലെ ദ്വാരപാലക ശില്പങ്ങളിൽ നിന്ന് ഇളക്കിയെടുത്ത് അറ്റകുറ്റപ്പണിക്ക് ചെന്നൈയിലേക്കു കൊണ്ടുപോയ സ്വർണപ്പാളികൾ ഉടൻ തിരിച്ചെത്തിക്കണമെന്ന് ഹൈക്കോടതി നേരത്തെ നിർദ്ദേശിച്ചിരുന്നു. ശബരിമല സ്പെഷ്യൽ കമ്മിഷണറുടെയും ഹൈക്കോടതിയുടെയും മുൻകൂർ അനുമതിയില്ലാതെയുള്ള ദേവസ്വം ബോർഡിന്റെ നടപടി അനുചിതമാണെന്ന് കോടതി വ്യക്തമാക്കിയിരുന്നു. ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റേതായിരുന്നു നിർദ്ദേശം.

അറ്റകുറ്റപ്പണി നിറുത്തിവയ്ക്കാൻ ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസ് ഏജൻസിയോടും സ്പോൺസറായ ഉണ്ണികൃഷ്ണൻ പോറ്റിയോടും കോടതി നിർദ്ദേശിച്ചു. അയ്യപ്പവിഗ്രഹത്തിലെ മുദ്രമാല, ജപമാല, യോഗദണ്ഡ് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് നേരത്തേ പുറപ്പെടുവിച്ച ഉത്തരവിന്റെ ലംഘനമാണുണ്ടായത്. നടപടിയെടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കാൻ തിരുവിതാംകൂർ ദേവസ്വം കമ്മിഷണർ, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ, തിരുവാഭരണം കമ്മിഷണർ തുടങ്ങിയവർക്കും നോട്ടീസയച്ചു. സ്വർണപ്പാളികൾ അറ്റകുറ്റപ്പണിക്ക് അയയ്ക്കാൻ തീരുമാനിച്ചതിന്റെ ഫയലുകളും രേഖകളും ഹാജരാക്കാനും കോടതി നിർദ്ദേശിച്ചിരുന്നു. കഴിഞ്ഞ ദിവസം അറ്റകുറ്റപ്പണി തുടരാൻ ഹൈക്കോടതി അനുമതി നൽകിയിരുന്നു.

കസ്റ്റഡി മർദനം; സഭയിൽ അടിയന്തര പ്രമേയത്തിന് അനുമതി

തിരു: സംസ്ഥാനത്തെ പൊലീസ് കസ്റ്റഡി മർദനങ്ങൾ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യും. ഈ ആവശ്യം ഉന്നയിച്ച് പ്രതിപക്ഷം നൽകിയ അടിയന്തര പ്രമേയത്തിന് അനുമതി നൽകി. ഉച്ചയ്ക്ക് 12 മണി മുതൽ 2 മണിവരെ വിഷയം ചർച്ച ചെയ്യാനാണ് സ്പീക്കർ അനുമതി നൽകിയത്. വിഷയം വലിയ രീതിയിൽ മാദ്ധ്യമങ്ങൾ ചർച്ച ചെയ്തതാണെന്നും അതുകൊണ്ട് സഭയിലും ചർച്ച ചെയ്യുന്നതാണ് ഉചിതമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. റോജി എം ജോൺ, കെ പി എ മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി കാപ്പൻ, കെ കെ രമ എന്നിവരാണ് നോട്ടീസ് നൽകിയത്.

അതേസമയം, ലൈംഗികാരോപണ വിവാദത്തിൽപ്പെട്ട പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിൽ സഭാസമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് നിയമസഭയിൽ എത്തിയില്ല. വ്യക്തിപരമായ കാരണങ്ങളാലാണ് വിട്ടുനിൽക്കുന്നതെന്നാണ് വിശദീകരണം. പാർട്ടി നടപടിയെടുത്തതോടെ സഭാസമ്മേളനത്തിൽ നിന്ന് വിട്ടുനിൽക്കുമെന്ന് കരുതിയ പ്രതിപക്ഷ നേതാവിനെയും പാർട്ടി നേതൃത്വത്തെയും അമ്പരപ്പിച്ചുകൊണ്ട് ഇന്നലെ രാഹുൽ സഭയിലെത്തിയിരുന്നു.

വയനാട് പുനരധിവാസം: കേന്ദ്രം നൽകിയത് സഹായമല്ല, 526 കോടിയുടെ വായ്പയെന്ന് മുഖ്യമന്ത്രി

തിരു: വയനാട്ടിലെ ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകിയത് സഹായധനമല്ല, മറിച്ച് ഉപാധികളോടുകൂടിയ വായ്പയാണെന്ന് മുഖ്യമന്ത്രി നിയമസഭയിൽ വ്യക്തമാക്കി. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്ന് ലഭിച്ച ഫണ്ടിനെക്കുറിച്ചുള്ള യു.എ ലത്തീഫിന്റെ ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

526 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്ന് ലഭിച്ചതെന്നും, എന്നാൽ ഇത് സംസ്ഥാനം ആവശ്യപ്പെട്ട സഹായമല്ല, മറിച്ച് വായ്പയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ദുരിതാശ്വാസത്തിനായി ഉപാധിരഹിതമായ സഹായം ഇതുവരെ കേന്ദ്രത്തിൽ നിന്ന് ലഭിച്ചിട്ടില്ല. കേന്ദ്ര സഹായം ലഭിക്കാതിരുന്ന ഘട്ടത്തിലും വിവിധ സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ച പിന്തുണയും സഹായ വാഗ്ദാനങ്ങളുമാണ് സർക്കാരിന് ഊർജ്ജം നൽകിയത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും (CMDRF), കോടതി റിലീസ് ചെയ്ത തുകയിൽ നിന്നും, സാസ്കി (SASKI) പദ്ധതിയിൽ നിന്നും കോടിക്കണക്കിന് രൂപ ലഭ്യമായിട്ടും പകുതിയോളം തുകയ്ക്ക് ഭരണാനുമതി നൽകുന്നതിൽ കാലതാമസമുണ്ടായെന്ന് ടി. സിദ്ദിഖ് എം.എൽ.എ ആരോപിച്ചു. സാസ്കി പദ്ധതിയുടെ കാലാവധി ഡിസംബർ 31-ന് അവസാനിക്കാനിരിക്കെ, പദ്ധതികളുടെ ഏകോപനം കാര്യക്ഷമമാക്കാൻ മുഖ്യമന്ത്രി നേരിട്ട് ഇടപെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി ചെയർമാനായുള്ള ഒരു കൗൺസിൽ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഇതിനായി പ്രവർത്തിക്കുന്നുണ്ടെന്നും ഒരു തരത്തിലുള്ള ആശങ്കയും വേണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ദുരന്തം നടന്ന് ഒരു വർഷത്തിലേറെയായിട്ടും ദുരന്തബാധിത പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിൽ വീഴ്ചയുണ്ടായെന്ന് പ്രതിപക്ഷം ചൂണ്ടിക്കാട്ടി. സേഫ് സോണായി പ്രഖ്യാപിച്ച മേപ്പാടി പഞ്ചായത്തിലെ വാർഡുകളിലേക്ക് ഇപ്പോഴും റോഡ് നിർമ്മിച്ചിട്ടില്ലെന്നും വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചിട്ടില്ലെന്നും നജീബ് കാന്തപുരം എം.എൽ.എ ആരോപിച്ചു. എന്നാൽ, പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് മുഖ്യമന്ത്രി മറുപടി നൽകി.

ബെയ്‌ലി പാലത്തിനപ്പുറമുള്ള സ്വന്തം സ്ഥലങ്ങളിലേക്കും റിസോർട്ടുകളിലേക്കും പോകാൻ ദുരന്തബാധിതർക്ക് ഓരോ ദിവസവും പ്രത്യേക പാസ് എടുക്കേണ്ടി വരുന്ന ബുദ്ധിമുട്ട് ഒഴിവാക്കി സ്ഥിരം പാസ് നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഈ വിഷയം ജനങ്ങളുടെ സുരക്ഷ കൂടി കണക്കിലെടുത്ത് പരിശോധിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകി.

സംസ്ഥാന സർക്കാരിന് വീണ്ടും തിരിച്ചടി; ഡോ. ബി അശോകിനെ സ്ഥലംമാറ്റിയ നടപടി സ്റ്റേ ചെയ്തു

തിരു: കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ബി അശോകിനെ സ്ഥലംമാറ്റിയ നടപടിയിൽ വീണ്ടും സർക്കാരിന് തിരിച്ചടി. നടപടി കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ചെയ്തു. സ്ഥലംമാറ്റത്തിനെതിരെ ബി അശോക് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയായിരുന്നു. ഇന്നലെയാണ് അശോകിനെ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്ത് നിന്ന് പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്തേക്ക് മാറ്റിയത്.

ഓഗസ്റ്റ് 30ന് അശോകിനെ കെ.ടി.ഡി.എഫ്.സി ചെയർമാനായി സ്ഥലംമാറ്റിയ നടപടി കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കഴിഞ്ഞ 8ന് സ്റ്റേ ചെയ്തിരുന്നു. കെ.ടി.ഡി.എഫ്.സിയിലേക്ക് സ്ഥലംമാറ്റിയതിനെ തുടർന്ന് അവധിയെടുത്ത അശോക് ട്രൈബ്യൂണൽ വിധിയെ തുടർന്ന് ഇന്ന് കൃഷി വകുപ്പിൽ ചുമതലയേറ്റിരുന്നു. കേസിൽ ഇന്ന് ട്രൈബ്യൂണൽ തുടർവാദം കേൾക്കാനിരിക്കെയാണ് ഇന്നലെ വീണ്ടും സ്ഥലംമാറ്റിയത്. കെ.ടി.ഡി.എഫ്.സിയിലേക്ക് നേരത്തെ സ്ഥലംമാറ്റിയത് റദ്ദാക്കിയതായും പുതിയ ഉത്തരവിലുണ്ട്.

അശോകിനു പകരം കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി നിയോഗിച്ച ടിങ്കു ബിസ്വാളിനെ തദ്ദേശവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിച്ചു. കൃഷിവകുപ്പിന്റെ ചുമതല പകരം ആർക്കും നൽകിയിട്ടില്ല. കേരപദ്ധതിയുടെ വാർത്താചോർച്ചയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫീസിനെ പ്രതിക്കൂട്ടിലാക്കുന്ന റിപ്പോർട്ട് നൽകിയതിന് പിന്നാലെയാണ് നേരത്തെ അശോകിനെ കൃഷി വകുപ്പിൽ നിന്ന് കെ.ടി.ഡി.എഫ്.സി ചെയർമാനായി സ്ഥലംമാറ്റിയത്. കഴിഞ്ഞ ജനുവരിയിൽ അശോകിനെ തദ്ദേശഭരണ പരിഷ്കരണ കമ്മിഷനിലേക്ക് സ്ഥലംമാറ്റിയ ഉത്തരവും ട്രൈബ്യൂണൽ റദ്ദാക്കിയിരുന്നു.

പ്രത്യേക ദിവസങ്ങളിൽ ഒരേ ടവറിന് കീഴിൽ, പ്രതികളുടെ വീട്ടിൽനിന്ന് പരാതിക്കാരുടെ ഫോണുകൾ കണ്ടെത്തി

പത്തനംതിട്ട: കോയിപ്രത്ത് യുവാക്കളെ മർദിച്ച കേസിൽ പരാതിക്കാരുടെ ഫോണുകൾ പ്രതികളുടെ വീട്ടിൽ നിന്ന് കണ്ടെത്തി. മൂന്നു ഫോണുകളാണ് പ്രതികളുടെ വീട്ടിൽ നിന്ന് കണ്ടെത്തിയത്. 19കാരന്റെ രണ്ടു ഫോണുകളും റാന്നി സ്വദേശിയുടെ ഒരു ഫോണുമാണ് കണ്ടെത്തിയത്. അതേസമയം പ്രതികളെ കസ്റ്റഡിയിൽ കിട്ടാൻ ഇന്ന് അപേക്ഷ നൽകില്ല.

ആലപ്പുഴ സ്വദേശിയായ യുവാവിനെ കഴിഞ്ഞ ദിവസം ചോദ്യംചെയ്യുന്നതിനായി വിളിപ്പിച്ചിരുന്നു. അതിനുശേഷം യുവാവിനെ ഒപ്പംകൂട്ടി പ്രതികളുടെ വീട്ടിൽ നടത്തിയ പരിശോധനയിലാണ് പരാതിക്കാരുടെ മൂന്നു ഫോണുകൾ കണ്ടെത്തിയത്. ഇയാളുടെ ഒരു ഐഫോണടക്കം രണ്ട് ഫോണുകളും റാന്നി സ്വദേശിയുടെ ഫോണും കണ്ടെത്തി. ഇത് കേസന്വേഷണത്തിൽ നിർണായകമായേക്കുമെന്നാണ് പോലീസിൽ നിന്ന് ലഭിക്കുന്ന വിവരം. അതായത് പ്രത്യേക ദിവസങ്ങളിൽ പ്രതികളും പരാതിക്കാരും ഒരേ ടവറിന് കീഴിൽ വരുന്നു എന്നതും തെളിവായി മാറും.

ഫോണുകൾക്കു പുറമേ പരിശോധനയിൽ ആയുധങ്ങളും കണ്ടെത്തിയിട്ടുണ്ട്. നഖം പിഴുതെടുക്കാൻ ഉപയോഗിച്ചെന്നു കരുതുന്ന പ്ലയറും വെട്ടുകത്തിയുമാണ് പോലീസിന് ലഭിച്ചത്. ഫോണുകൾ ചൊവ്വാഴ്ച തന്നെ ശാസ്ത്രീയ പരിശോധനയ്ക്കായി അയക്കും. ഈ യുവാക്കൾക്ക് പ്രതിയായ രശ്മിയുമായുള്ള ബന്ധത്തെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭിക്കുമെന്നാണ് കരുതുന്നത്. വാട്സാപ്പ് ചാറ്റുകളടക്കം നിർണായകമായേക്കും.

നേരത്തെ രശ്മിയുടെ ഫോണിൽ നിന്ന് അഞ്ച് വീഡിയോ ക്ലിപ്പുകൾ പോലീസ് കണ്ടെടുത്തു. മർദനത്തിനിരയായ ആലപ്പുഴ സ്വദേശിയായ 19-കാരനും രശ്മിയും വിവസ്ത്രരായി നിൽക്കുന്ന വീഡിയോ ഉൾപ്പെടെയുള്ളവയാണ് കണ്ടെടുത്തത്. യുവാവിനെ മർദിച്ച് ഭീഷണിപ്പെടുത്തിയാണ് രശ്മിക്കൊപ്പം നിർത്തി വീഡിയോ ചിത്രീകരിച്ചത്. യുവാവിന്റെ കൈവശമുണ്ടായിരുന്ന ഇരുപതിനായിരം രൂപയും ദമ്പതിമാർ കൈക്കലാക്കിയിരുന്നു. യുവാവിനെ വിട്ടയച്ചപ്പോൾ ഇതിൽ ആയിരംരൂപ മടക്കിനൽകി.

ഭാര്യ രശ്മിയുമായി അവിഹിത ബന്ധമുണ്ടെന്ന് സംശയിച്ചാണ് ആലപ്പുഴ, റാന്നി സ്വദേശികളെ വീട്ടിൽ വിളിച്ചുവരുത്തി ജയേഷും രശ്മിയും ക്രൂരമായി മർദിച്ചത്. സെപ്റ്റംബർ ഒന്ന്, അഞ്ച് തീയതികളിലായിരുന്നു സംഭവം.

മർദനത്തിനിരയായ യുവാക്കൾക്ക് രശ്മിയുമായി ബന്ധമുണ്ടായിരുന്നു. ഇവർ രശ്മിയുമായി ചാറ്റിങ്ങും നടത്തിയിരുന്നു. ഇതാണ് ജയേഷിന്റെ സംശയത്തിന് കാരണമായത്. ഇക്കാര്യമറിഞ്ഞതോടെ ജയേഷ് രശ്മിയെ ഉപയോഗിച്ച് രണ്ടുപേരെയും വീട്ടിലേക്ക് വിളിച്ചുവരുത്തി ക്രൂരമായി ആക്രമിച്ചു. യുവാക്കളിലൊരാളെ കെട്ടിത്തൂക്കി മർദിച്ചു. ജനനേന്ദ്രിയത്തിൽ സ്റ്റേപ്ലർ കൊണ്ട് പിന്നടിച്ചു. വിരലുകളിൽ മൊട്ടുസൂചി അടിച്ചുകയറ്റി. മറ്റൊരാളെ കട്ടിലിൽ കിടത്തി സെക്സ് വീഡിയോ രംഗങ്ങൾ അഭിനയിപ്പിക്കുകയുംചെയ്തിരുന്നു. ഈ ദൃശ്യങ്ങളെല്ലാം ജയേഷിന്റെ ഫോണിലാണ് പ്രതികൾ ചിത്രീകരിച്ചിരുന്നത്.

തെളിവുകളോ രേഖകളോ ഇല്ല, സുരേഷ് ഗോപിക്കെതിരെ കേസെടുക്കാനാവില്ലെന്ന് പോലീസ്

തൃശ്ശൂർ: ലോക്സഭാ തിരഞ്ഞെടുപ്പിലെ വോട്ടർപട്ടിക ക്രമക്കേടിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപിയ്ക്കെതിരെ കേസെടുക്കില്ല. കേസെടുക്കാനുള്ള തെളിവുകളോ രേഖകളോ ഇല്ലെന്ന് പോലീസ് വ്യക്തമാക്കി. തൃശ്ശൂരിൽ സുരേഷ് ഗോപിയും കുടുംബവും വോട്ടർപട്ടികയിൽ പേരുചേർത്തതുമായി ബന്ധപ്പെട്ട് മുൻ എം.പി ടി.എൻ. പ്രതാപനാണ് പരാതി നൽകിയത്.

സുരേഷ് ഗോപിയും കുടുംബവും തൃശ്ശൂരിലേക്ക് വോട്ട് മാറ്റിയത് വ്യാജരേഖ ചമച്ചുകൊണ്ടാണെന്നും സത്യവാങ്മൂലം നൽകിയത് വ്യാജമായിരുന്നുവെന്നും തുടങ്ങിയ ആരോപണങ്ങൾ ഉന്നയിച്ചാണ് ടി.എൻ പ്രതാപൻ സിറ്റി പോലീസ് കമ്മിഷണർക്ക് പരാതി നൽകിയത്. പ്രാഥമികമായ അന്വേഷണം പൂർത്തിയാക്കിയ ശേഷമാണ് കേസെടുക്കാൻ സാധ്യമല്ലെന്ന നിലപാട് പോലീസ് അറിയിച്ചിരിക്കുന്നത്. പരാതിയിൽ ഉന്നയിച്ച കാര്യങ്ങൾ തെളിയിക്കത്തക്ക വിധത്തിലുള്ള രേഖകളോ തെളിവുകളോ ലഭിച്ചിട്ടില്ല എന്ന് പോലീസ് പറഞ്ഞു.

കൂടാതെ, വ്യാജരേഖ ചമച്ചതായുള്ള പരാതി നൽകേണ്ടത് തിരഞ്ഞെടുപ്പ് കമ്മിഷനാണെന്നും തിരഞ്ഞെടുപ്പ് കമ്മിഷന്റെ ഭാഗത്തുനിന്ന് അത്തരത്തിലുള്ള പരാതി ലഭിക്കാത്തതിനാൽ കേസെടുക്കാൻ സാധിക്കില്ലെന്നും പോലീസ് വ്യക്തമാക്കി.

വോട്ടർപട്ടികയിലെ ക്രമക്കേട് സംബന്ധിച്ചുള്ള അന്വേഷണം പോലീസ് സാധ്യമല്ലെന്നും പരാതി നൽകിയ ടി.എൻ പ്രതാപനെ അറിയിച്ചു.

വാട്ടർടാങ്കിൽ വീണ് പിടിയാന; ടാങ്ക് തകർത്ത് രക്ഷപ്പെടുത്തി തമിഴ്നാട് വനം വകുപ്പ്



ചെന്നൈ: വാട്ടർ ടാങ്കിൽ വീണ ആനയെ രക്ഷപ്പെടുത്തി തമിഴ്നാട് വനം വകുപ്പ് ഉദ്യോഗസ്ഥർ. ടാങ്ക് തകർത്ത് വഴിയൊരുക്കിയാണ് ആനയെ പുറത്തെത്തിച്ചത്. സംഭവത്തിന്റെ ദൃശ്യങ്ങൾ ഐഎഎസ് ഉദ്യോഗസ്ഥയായ സുപ്രിയ സാഹു ഉൾപ്പെടെ പങ്കുവെച്ചിട്ടുണ്ട്.

നീലഗിരിയിലെ കൂനൂരിലുള്ള ഒരു ആദിവാസി ഗ്രാമത്തിലെ ജലസംഭരണിയിലാണ് പിടിയാന വീണത്. ആന പരിഭ്രാന്തയായി കിണറ്റിനുള്ളിൽ നിന്ന് പുറത്തുകടക്കാൻ ശ്രമിക്കുന്നതും അത് വിഫലമാകുന്നതും ദൃശ്യങ്ങളിൽ വ്യക്തമാണ്. പ്രദേശവാസികൾ വിവരം അറിയിച്ചതിനെ തുടർന്ന് സ്ഥലത്തെത്തിയ തമിഴ്നാട് വനം വകുപ്പിന്റെ സമയോചിതമായ ഇടപെടലിലൂടെയാണ് ആനയെ രക്ഷപ്പെടുത്താൻ സാധിച്ചത്.ടാങ്ക് തകർത്ത് ആനയെ സുരക്ഷിതമായി വനത്തിലേക്ക് തിരിച്ചയച്ചു. സമയബന്ധിതമായി രക്ഷാപ്രവർത്തനം നടത്തിയ ഊട്ടി ഡിഎഫ്ഒ, കൂനൂർ റേഞ്ച് ഓഫീസർ, മുഴുവൻ ടീമിനും അഭിനന്ദനങ്ങൾ. സുപ്രിയ സാഹു എക്സിൽ കുറിച്ചു.വീഡിയോ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിച്ചതോടെ നിരവധി പേരാണ് തമിഴ്നാട് വനംവകുപ്പിന് അഭിനന്ദനങ്ങളുമായെത്തുന്നത്.

വീണ്ടും മേഘവിസ്ഫോനം

സിംല:ഡെറാഡൂണിൽ വീണ്ടും മേഘവിസ്ഫോനം. മിന്നൽ പ്രളത്തിൽ നിരവധി വാഹനങ്ങളും കടകളും ഒലിച്ചുപോയി. 2 പേരെ കാണാതായതായി ആദ്യം ലഭിച്ച വാർത്തകളിൽ പറയുന്നു.

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

AOP No. 621/2025

സോവറിൻ കുറീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്
–ഹരജിക്കാരൻ
3) തൃശൂർ താലൂക്ക് കാരമുക്ക് വില്ലേജ് വിളക്കുംകാൽ ദേശത്ത് കാരണത്ത് അനിൽകുമാർ മകൻ വിഷ്ണു
4) മുകുന്ദപുരം താലൂക്ക് ആമ്പല്ലൂർ വില്ലേജ് മണ്ണംപേട്ട ദേശത്ത് പെരുമറത്ത് നിതിൻ ഭാര്യ ശ്രീലക്ഷ്മി
– 3, 4 എതൃകക്ഷികൾ

മേൽ നമ്പറിൽ ടി എതൃകക്ഷികൾക്കുള്ള നോട്ടീസ് ബഹു. ആർബിട്രേറ്ററിലും ടി എതൃകക്ഷികളുടെ ഹരജിയിൽ പറയുന്ന വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് കേസ് **09-10-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് നിങ്ങളോ അഭിഭാഷകനോ ബഹു ചിട്ടി ആർബിട്രേറ്ററിൽ ഹാജരാകേണ്ടതും അല്ലാത്തപക്ഷം നിങ്ങളുടെ അഭാവത്തിൽ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു

എന്ന്, 15-09-2025
ഹരജിഭാഗം അഡ്വക്കേറ്റ്
ബിജി ആർ. (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 2643/2020

എംപ്ലോയീസ് കുറീസ് ലിമിറ്റഡ്, തൃശൂർ
–അന്യായം
1) മുകുന്ദപുരംതാലൂക്ക് ആമ്പല്ലൂർ വില്ലേജ് വെണ്ടൂർ ദേശത്ത് ആലങ്ങോട് പറമ്പിൽ ചന്ദ്രൻ ഭാര്യ നിഷ ചന്ദ്രൻ
2) മുകുന്ദപുരംതാലൂക്ക് ആമ്പല്ലൂർ വില്ലേജ് വെണ്ടൂർ ദേശത്ത് ആലങ്ങോട് പറമ്പിൽ അപ്പുകുട്ടൻ മകൻ എ എ ചന്ദ്രൻ
–1, 2 പ്രതികൾ

മേൽ നമ്പറിൽ 1, 2 പ്രതികൾക്കുള്ള സമൻസ് കോടതിയിലും സ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **11-11-2025** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് താങ്കളോ താങ്കളുടെ അഭിഭാഷകനോ കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു. അല്ലാപക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

എന്ന്, 4-9-2025
അന്യായഭാഗം അഡ്വക്കേറ്റ്
ആന്റോ ഡേവീസ് എ.
(ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

OP (Guardian) 247/2025

തൃശൂർ താലൂക്ക്, പീച്ചി വില്ലേജ്, പീച്ചി ദേശത്ത്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഇന്ത്യൻ ഭരണഘടനയും ജനാധിപത്യത്തിന്റെ ശക്തിയും വിദ്യാർത്ഥികൾ തിരിച്ചറിയണം

കുന്നംകുളം: ഭരണഘടനയുടെ മൂല്യങ്ങളും ജനാധിപത്യത്തിന്റെ ശക്തിയും തിരിച്ചറിയാൻ വിദ്യാർഥികളെ പരിശീലിപ്പിക്കണമെന്നും അതിനായി അധ്യാപകരും രക്ഷിതാക്കളും മുന്നിട്ടറണണമെന്ന് മേജർ പി.ജെ. സ്റ്റൈജു. അന്നനാട് യൂണിയൻ ഹയർ സെക്കൻഡറി സ്കൂളിൽ എൻഎസ്എസ് യൂണിറ്റ് സംഘടിപ്പിച്ച സമ്മതിദാന അവകാശങ്ങൾ എന്ന വിഷയത്തെ അധികരിച്ച് നടത്തിയ സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു 24 കേരള ബറ്റാലിയൻ അസോസിയേറ്റ് ഡ് എൻ.സി.സി ഓഫീസർ കൂടിയായ മേജർ സ്റ്റൈജു

സ്കൂൾ പ്രിൻസിപ്പാൾ ജയ ഐ സെമിനാർ ഉദ്ഘാടനം ചെയ്തു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ പ്രിയ ലക്ഷ്മി അധ്യഷത വഹിച്ച യോഗത്തിൽ അധ്യാപികയായ മാഗിമാണി പ്രബന്ധാവതരണം നടത്തി. നിയ ബാബു ഭരണഘടനയുടെ ആമുഖം വായിച്ചു.

സെമിനാറിനു ശേഷം ദേശീയപതാകയും ഭരണഘടനയുടെ ആമുഖ ചിത്രവും ഉയർത്തി പിടിച്ച വിദ്യാർത്ഥികൾക്ക് മേജർ ദേശീയോദ്ഗ്രന്ഥന പ്രതിജ്ഞ ചൊല്ലി കൊടുത്തു. വളണ്ടിയർമാരായ സാവിയോ സോജൻ, ആൻഡ്രിൻ, അഭിനവ് ദേവൻ, അന്ന സേവ്യർ , ഹന്ന ഡ്രീക്രൂസ്, ആശ്വതി ബിനിഷ് അലേഗ്രോ സി. ബാബു എന്നിവർ നേതൃത്വം നല്കി.

ബദറുദ്ദീൻ ഗുരുവായൂരിന് അക്ഷരജ്യോതി പുരസ്കാരം

തിരു: ഗ്രന്ഥശാല ദിനാചരണത്തിന്റെ ഭാഗമായി, ജനാധിപത്യ കലാ സാഹിത്യ വേദി സംസ്ഥാന കമ്മിറ്റി ഏർപ്പെടുത്തിയ അക്ഷരജ്യോതി പുരസ്കാരത്തിന് സാംസ്കാരിക പ്രവർത്തകനും എഴുത്തു കാരനുമായ ബദറുദ്ദീൻ ഗുരുവായൂർ അർഹനായി. തിരുവനന്തപുരം പട്ടം എം.വി.ആർ. ഭവനിൽ സംഘടിപ്പിച്ച പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ച്, അക്കാദമിക രംഗത്തും ഭരണരംഗത്തും വ്യക്തിമുദ്രപതിപ്പിച്ച ഗ്രന്ഥകാരനും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറുമായ ഡോ: എം.ആർ. തമ്പാനിൽ നിന്നും അക്ഷരജ്യോതി പുരസ്കാരം ഏറ്റുവാങ്ങി. ജനാധിപത്യ കലാ സാഹിത്യ വേദി അദ്ധ്യക്ഷനും അഭിനേതാവും കവിയുമായ കുന്നത്തൂർ ജെ. പ്രകാശ് അദ്ധ്യക്ഷത വഹിച്ചു.

ഡോ:എം.ആർ. മനോജ് പൊന്നാടയണിയിച്ചു. പ്രോഗ്രാം കോഡിനേറ്റർ ഡോ:എം. എസ്. ശ്രീലറാണി, ജനാധിപത്യ കലാസാഹിത്യ വേദി സെക്ര: സഹദേവൻ കോട്ടവിള, വൈസ് പ്രസിഡണ്ട് ഡോ: എം.എ. മുതാസ്, കലാം പാങ്ങോട്, സദാശിവൻ പുവ്വത്തൂർ,ജയ പ്രസാദ്, ഗോപകുമാർ തെങ്ങമം, സുജാത അനിൽ, സലീം സന്ദേശം ചൗക്കി, സി. ഗോപിനാഥൻ പത്തനംതിട്ട, അജ്നാസ് കാരയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

അച്ചനെ കൊലപ്പെടുത്തിയ കേസിൽ മകൻ റിമാന്റിലേക്ക്

വാടാനപ്പിള്ളി : എങ്ങണ്ടിയൂർ മണപ്പാട് സ്വദേശി മോങ്ങാടി വീട്ടിൽ രാമു 71 വയസ് എന്നയാളാണ് 14.09.2025 തീയ്യതി രാത്രി 09.00 മണിയോടെ മകനായ രാഗേഷ് 35 വയസ്സ് എന്നയാൾ മദ്യലഹരിയിൽ രാമുവുമായി ഉണ്ടായ വഴിക്കിനെ തുടർന്നുള്ള വൈരാഗ്യത്താൽ കൊല്ലണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടി പിടിച്ച് തള്ളിയതിൽ ചുമരിൽ തലയിടിച്ച് വീണ് തലയുടെ പുറകിൽ ഗുരുതരപരിക്ക് പറ്റി മരണപ്പെട്ടത്. ശകുന്തളയുടെ പരാതിയിൽ രാഗേഷിനെ പ്രതിയാക്കി വാടാനപ്പള്ളി പോലീസ് സ്റ്റേഷനിൽ കൊലപാതക കുറ്റത്തിനുള്ള വകുപ്പ് ചേർത്ത് കേസ് രജിസ്റ്റർ ചെയ്തു. കേസിലെ പ്രതിയായ രാഗേഷിനെ വാടാനപ്പള്ളി പോലീസ് അറസ്റ്റ് ചെയ്തു. നടപടിക്രമങ്ങൾക്ക് ശേഷം കോടതിയിൽ ഹാജരാക്കും.

സംഭവ സമയം പ്രതിയായ രാഗേഷും രാമുവും മാത്രമാണ് വീട്ടിൽ ഉണ്ടായിരുന്നത്. രാമുവിന്റെ ഭാര്യ ശകുന്തള കഴിഞ്ഞ മൂന്ന് ദിവസമായി ചാവക്കാട് മുത്തമ്മാവിലുള്ള ബന്ധുവിന്റെ വീട്ടിൽ ആയിരുന്നു. സംഭവത്തിന് ശേഷം രാത്രി 09.45 മണിയോടെ രാഗേഷ് ശകുന്തളയെ ഫോണിൽ വിളിച്ച് അച്ഛനുമായി വഴക്കിട്ടപ്പോൾ അച്ഛനെ പിടിച്ച് തള്ളിയതിൽ ചുമരിൽ തലയിടിച്ച് വീണെന്നും അച്ചന് അനക്കം ഇല്ല എന്ന് പറയുകയായിരുന്നു. ശകുന്തള അപ്പോൾ തന്നെ ചാവക്കാട് മുത്തമ്മാവിൽ ഓട്ടോ പിടിച്ച് മണപ്പാടുള്ള വീട്ടിലേക്ക് വന്നു. തുടർന്ന് ഏങ്ങണ്ടിയൂർ ആശുപത്രിയിൽ എത്തിച്ചു. ഡോക്ടർ പരിശോധിച്ചതിൽ രാമു മരണപ്പെട്ടതായി സ്ഥീതീകരിക്കുകയായിരുന്നു.

രാഗേഷ് വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഒരു വധശ്രമക്കേസിലും രാഗേഷിന്റെ ഭാര്യയായിരുന്ന സ്ത്രീയെ ക്രൂരതക്ക് വിധേയമാക്കിയ കേസിലും, രണ്ട് അടിപിടിക്കേസിലും അടക്കം നാല് ക്രിമിനൽ ക്കേസുകളിലെ പ്രതിയാണ്.

വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ഷൈജു.എൻ.ബി, എസ്.ഐ മുഹമ്മദ് റാഫി, ജി.എസ്.സി.പി.ഒ സുരേഖ്, സി.പി.ഒ അമൽ, റിഷാദ് എന്നിവരാണ് അന്വേഷണ സംഘത്തിലുള്ളത്.

നാസാ സ്പെയ്സ് ചാലഞ്ച്

തൃശൂർ: നാസാ സ്പേയ്സ് ചാലഞ്ച് ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിങ് കോളേജിൽ നടക്കും. ഒക്ടോബർ 4-5 തീയതികളാലാണ് പരിപാടി. വിദ്യാർത്ഥികൾ ക്കും പൊതുജനങ്ങൾക്കും പങ്കെടുക്കാം. മുന്നോടിയായിഐ.എസ് ആർ.ഒ - - വി.എസ്.എസ്.സി. സീ യുക്തമായി ഒരുക്കുന്ന ശാസ്ത്ര പ്രദർശനം സെപ്തംബർ 22 മുതൽ 25 വരെ കോളേജിൽ നടക്കുമെന്ന് ഡയറക്ടർ റെവ.ഡോ: ജോസ് കണ്ണംമ്പുഴ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പ്രിൻസിപ്പൽ ഡോ: പി. സോജൻ ലാൽ , മാത്യു അബ്രഹാം, ഡോ.ഷൈനി, ജോർജ് ചിറമ്മൽ പങ്കെടുത്തു.

റെസിഡന്റ്സ് അസോസിയേഷന്റെ ഓണാഘോഷവും കുടുംബ സംഗമവും

ഇരിങ്ങാലക്കുട : കൊരുമ്പിശ്ശേരി റെസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓണാഘോഷവും, കുടുംബ സംഗമവും ജൂനിയർ ഇന്നസെന്റ് ഉൽഘാടനം ചെയ്തു.

പ്രസിഡണ്ട് രാജീവ് മുല്ലപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു.വാർഡ് കൗൺസിലർ അമ്പിളി ജയൻ, അസോസിയേഷൻ രക്ഷാധികാരി വിങ് കമാണ്ടർ (റിട്ട) ടി. എം .രാംദാസ്, സെക്രട്ടറി കെ. ഗിരിജ, കെ. ബാലകൃഷ്ണൻ, ബിന്ദു ജിനൻ, എ .സി .സുരേഷ്, ഷാജി തറയിൽ, കെ .ഹേമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

അസോസിയേഷൻ പരിധിയിൽ പെട്ട മികച്ച കർഷകരേയും, 84 വയസ്സു കഴിഞ്ഞവരേയും ആദരിച്ചു.

തുടർന്ന് സലിലൻ വെള്ളാനി അവതരിപ്പിച്ച നാടൻ പാട്ടുകളും, അസോസിയേഷൻ അംഗങ്ങളുടെ കലാ കായിക പരിപാടികളും നടന്നു.

സ്വർണവില 82,000കടന്നു

തിരു: സംസ്ഥാനത്ത് സ്വർണവില പവന് 82,000കടന്നു. പവന് 640രൂപ കൂടി 82,080രൂപയായി ; ഗ്രാമിന് 80രൂപ കൂടി 10,260 രൂപയായി. പവന് ഈ മാസം ഇതുവരെ കൂടിയത് 4,440രൂപ.

കേരള ജേർണലിസ്റ്റ്സ് യൂണിയൻ സംസ്ഥാന കമ്മിറ്റി യോഗം നടന്നു

ഇടുക്കി: കേരള ജേർണലിസ്റ്റ്സ് യൂണിയൻ സംസ്ഥാന കമ്മിറ്റി യോഗം തേക്കടി ബാംബു ഗ്രൂവിൽ പ്രസിഡന്റ് അനിൽ ബിശ്വാസിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ജനറൽ സെക്രട്ടറി കെ.സി. സ്മിജൻ റിപ്പോർട്ട് അവതരിപ്പിച്ചു.

സംസ്ഥാന ട്രഷറർ ഇ.പി. രാജീവ്, വൈസ് പ്രസിഡന്റുമാരായ സനൽ അടൂർ, പ്രകാശൻ പയ്യന്നൂർ, എം.എ. ഷാജി, സെക്രട്ടറിമാരായ ആഷിക്ക് മണിയംകുളം, ബിജോയി പെരുമാട്ടിൽ, എം. സുജേഷ്, ബിജു ലോട്ടസ്, ദേശീയ സമിതി അംഗം പി.ബി. തമ്പി, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ സുചിത്രൻ അറോറ, സാജു ജോസഫ്, എൻ.എ. സതീഷ്, സുനീഷ് മണ്ണത്തൂർ, ബിനോയി വിജയൻ, പി. ഷൺമുഖൻ, ജോസ് വാവേലി, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സുരേഷ് കൂക്കൽ, ടി.വി. ശിവദാസൻ, ഷിബു ജോൺ, സുരേഷ് മാന്നാർ, ജിജു വൈക്കത്തുശേരി, വി.വി. രഗീഷ്, എസ്.ആർ. ബിനു, കെ.ജി. ഹരിദാസ്, ഷാജി കുരിശുംമൂട്, ജോസ് താടിക്കാരൻ, സജി തടത്തിൽ, വി. ദിലീപ് കുമാർ, സി. പ്രകാശൻ, രതീഷ് പുതുശേരി, ശിവപ്രസാദ്, ശിവകൈലാസ്, അനീഷ് തെങ്ങമം, ബൈജു വയലിൽ, സ്റ്റാൻലി സാമുവൽ, മൂസ കൂളിവയൽ, മോഹനൻ ബത്തേരി, പ്രിൻസ് തോമസ്, സുരേന്ദ്രൻ ചീമേനി, ഉദയകുമാർ കൈപ്പമംഗലം, ആശ കുട്ടപ്പൻ, സിജി പ്രതാപൻ, ജിഷ ബാബു, മഞ്ജു വിനോദ് എന്നിവർ പങ്കെടുത്തു.

മലബാർ സിമന്റ്സ് അഴിമതി കേസ്: വിജിലൻസ് കേസ് 4 മാസത്തിനകം തീർക്കണം: ഹൈക്കോടതി

തൃശൂർ: ഏറെ വിവാദമായ പാലക്കാട് മലബാർ സിമന്റ്റ് സിലെ ഫ്ളൈ ആഷ് അഴിമതി കേസ് നാല് മാസത്തിനകംതീർപ്പാക്കണമെന്ന തൃശൂർ വിജിലൻസ് കോടതിയോട് കേരള ഹൈക്കോടതി നിർദ്ദേശിച്ചു.

പ്രതിപ്പട്ടികയിലെ മുൻ കേരള ചീഫ് സെക്രട്ടറി ജോൺ മത്തായി, വ്യവസായ സ്ഥാപനങ്ങളുടെ പുന:സംഘടനാ കമ്മറ്റി മുൻ ചെയർമാൻ എൻ. കൃഷ്ണകുമാർ എന്നിവർ പ്രതി പ്പട്ടികയിൽ നിന്ന് തങ്ങളെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജി തള്ളിയ 2025 സെപ്തംബർ 10 ലെ വിധി യിലാണ് , ജസ്റ്റിസ് എ. ബദറുദ്ദീൻ വിജിലൻസ് കോടതിക്ക് നാർദേശം നൽകിയത്.

2004-2006 കാലത്ത് തമിഴ് നാട്ടിൽ നിന്നും കൂടിയ വിലയ്ക്ക് മലബാർ സിമന്റ് കമ്പനിയിലേക്ക് ചുണ്ണാമ്പ് കല്ല് വാങ്ങിയതിൽ കമ്പനിക്ക് 25,61,394 രൂപ നഷ്ടമുണ്ടാക്കി എന്ന കേസിലും ഇവർ വിചാരണ നേരിടണമെന്നുംഹൈക്കോടതി വിധിയിൽ പറയുന്നു.

രണ്ട് കേസും തൃശൂർ വിജിലൻസ് കോടതിയിൽ നടന്നുവരുകയാണ്. തീർപ്പ് വൈകുന്ന സ്ഥിതിയിൽ മനുഷ്യാവകാശകേന്ദ്രം നൽകിയ ഹർജിയിലാണ് ഉത്തരവുണ്ടായത്.

അപ്പീൽ സാദ്ധ്യത കണക്കിലെടുത്ത് ഹർജിക്കാർ സുപ്രീം കോടതിയിൽ കേവിയറ്റും ഫയൽ ചെയ്തിട്ടുണ്ട്.

വാക്കത്തോൺ സംഘടിപ്പിക്കുന്നു

തൃശൂർ: ലഹരി വസ്തു വ്യാപനവിരുദ്ധ സന്ദേശ പ്രചരണാർത്ഥം, മുൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപക വാക്കത്തോൺ സംഘടിപ്പിക്കുന്നു. പ്രൗഡ് കേരള സംഘടനയുടെ നേതൃത്വത്തിലാണ് പരിപാടി.

തൃശൂർ ജില്ലയിൽ 17 നാണ് വാക്കത്തോൺ. കാലത്ത് 6 മണിക്ക് തൃശൂർ മണികണ്ഠനാൽ ആൽത്തറക്ക് (നെഹറു മണ്ഡപം) സമീപം നിന്നും ചെന്നിത്തലയുടെ നേതൃത്വത്തിൽ തുടങ്ങുന്ന വാക്കത്തോൺ റൗണ്ട് ചുറ്റി തെക്കേ ഗോപുര നടയിൽ സമാപിക്കും. തുടർന്ന് ലഹരി വിരുദ്ധ സന്ദേശം, പ്രതിജ്ഞ നടക്കും. മുഖ്യ പക്കികൾ ഉൾപ്പെടെ ധാരാളം പേർ പങ്കെടുക്കുമെന്ന് ,പ്രൗഡ് കേരള ചെയർമാൻ മലയൻകീഴ് വേണുഗോപാൽ, തൃശൂർ ജില്ലാ കൺവീനർ എ. സേതുമാധവൻ എന്നിവർ അറിയിച്ചു.

വൈദ്യരത്നത്തിൽ ആയുർവേദ എ ഐ: സെമിനാർ

തൃശൂർ:തൈക്കാട്ടു ശ്ശേരി വൈദ്യരത്നം ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ എ ഐ - ഫോർ ആയുർവേദം സെമിനാറും ആയുർ ടെക് ഐഡിയ ഹാക്കത്തോൺ ഗ്രാന്റ് ഫിനാലയും വൈദ്യരത്നം ആയുർവേദ കോളേജിൽ നടന്നു.

ആയുർവേദവും എ ഐ.സാങ്കേതിക വിദ്യയും തമ്മിലുള്ള പുതുമയാർന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തു.

ഐഡിയ ഹാക്കത്തോൺ ഗ്രാന്റ് ഫിനാലയിലേക്ക് തിരത്തെടുക്കപ്പെട്ട ടീമുകൾ പുതു ആശയങ്ങൾ പങ്കു വെച്ചു. ചെന്നെ ആയുർ - എഐ. സഹകരണത്തോടെയായിരുന്നു സെമിനാർഡോ: ഷീല കാറളം, ഡോആഷി അഗസ്റ്റിൻ, ജോസ് ഡാളപ്പൻ നേതൃത്വം നൽകി.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മണപ്പുറം ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നൂതന പരിശീലനം

വലപ്പാട്: ദർശന സർവീസ് സൊസൈറ്റിയുടെ കീഴിൽ പരിശീലനം നേടിയ ഭിന്നശേഷിക്കാരായ 15 കുട്ടികൾക്ക് സംസ്ഥാനതല നീന്തൽ മത്സരത്തിന് മുന്നോടി യായി മണപ്പുറം സ്വിമ്മിംഗ് അക്കാദമിയിൽ 10 ദിവസത്തെ തീവ്ര പരിശീലനം ഒരുക്കി മണപ്പുറം ഫൗണ്ടേഷൻ. അമേരിക്കൻ സ്വിമ്മിങ് കോച്ച്സ് അസോസിയേഷൻ അംഗവും ലെവൽ വൺ കോച്ചുമായ ശരത് കുമാർ എസ് ആണ് പരിശീലനം നൽകുന്നത്. സെപ്റ്റംബർ 13-ന് തൃശൂർ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള നീന്തൽ കുളത്തിൽ നടക്കാ നിരിക്കുന്ന സംസ്ഥാന തല മത്സരം സ്പോർട്സ് അസോസിയേഷൻ ഫോർ ഡിഫറൻന്ലി ഏബിൾഡ് ഓഫ് കേരള (SADAK) ആണ് സംഘടിപ്പിക്കുന്നത്.

ഈ ഉദ്യമത്തിന് നേതൃത്വം നൽകുന്നത് കാഴ്ചശക്തിയില്ലാത്ത ദർശന സർവീസ് സൊസൈറ്റിയുടെ സ്ഥാപകനും പ്രസിഡന്റുമായ റെവ. ഫാ. സോളമൻ കടമ്പാട്ടു പറമ്പിൽ ആണ്. കഴിഞ്ഞ 7 വർഷമായി ഭിന്നശേഷിക്കാർക്കായി കല, കായികം, വിദ്യാഭ്യാസം, സ്വയംതൊഴിൽ, വീട് എന്നിവയെ അടിസ്ഥാനമാക്കി സാമൂഹ്യപദ്ധതികൾ നടപ്പിലാക്കിവരുന്ന സംഘടനയാണ് ദർശന സർവീസ് സൊസൈറ്റി.

മണപ്പുറം സ്വിമ്മിംഗ് അക്കാദമിയിൽ ദിവസേന 3 മണിക്കൂർ വീതമുള്ള നൂതന പരിശീലനം 10 ദിവസത്തേക്കാണ് ഒരുക്കിയിരിക്കുന്നത് . മത്സരത്തിനു മുൻപ് സെപ്റ്റംബർ 12ന് പരിശീലനം പൂർത്തിയാക്കും. ഈ പരിപാടിയുടെ പദ്ധതി സമർപ്പണം മണപ്പുറം ഫൗണ്ടേഷൻ സി ഇ ഒ ജോർജ് ഡി ദാസ് നിർവഹിച്ചു. തുടർന്ന് റെവ. ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ ആശംസയും മണപ്പുറം ഫൗണ്ടേഷന്റെ സി എസ് ആർ ഹെഡ് ശിൽപ ട്രീസ സെബാസ്ര്യൻ നന്ദിയും രേഖപ്പെടുത്തി.

ഭിന്നശേഷിക്കാർക്കുള്ള കായിക പരിശീലനത്തിന് മാതൃകാപരമായ ഒരു സംരംഭം കൂടിയാണിത്.

കൊടുങ്ങല്ലൂർ പടിയത്ത് മണപ്പാട് ഡോ മുഹമ്മദ് സെയ്തിന്റെ മകൾ ഷെബു (Shabana Syed) നോർവേയിൽ വെച്ചു മരണപ്പെട്ട വിവരം വ്യസന സമേതം അറിയിക്കുന്നു. നോർവേയിൽ Embryologist ജോലി ചെയ്യുകയായിരുന്നു. കുറച്ചു നാൾ ആയിട്ടു കാൻസർ രോഗ ചികിത്സയിൽ ആയിരുന്നു.

റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ കിണർ സ്റ്റോപ്പിൽ നിന്നും കുടുംബാരോഗ്യ കേന്ദ്രമായ കലവറക്കു ന്നിലേക്ക് പോകുമ്പോൾ സൗഹൃദ നഗർ മുതൽ പഞ്ഞിക്കാരൻ മൂല വരെ റോഡ് പൊട്ടി പൊളിഞ്ഞു ശോചനീയാവസ്ഥയിലാണ്. ഒരു പാട് ജനങ്ങൾ തിങ്ങി പാർക്കുന്ന ഈ പ്രദേശത്തെ റോഡ് സഞ്ചാര യോഗ്യമാക്കണമെന്ന് പിഡിപി പുതുക്കാട് മണ്ഡലം കമ്മിറ്റി വരന്തരപിള്ളിഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആൻഡ് കമ്മിറ്റിക്ക് കത്ത് നൽകി.

ഉപഭോക്തൃ കോടതി വിധി പാലിച്ചില്ല; പിട്ടാപ്പിള്ളിൽ ഏജൻസീസ് ഉടമക്ക് വാറണ്ട്

തൃശൂർ: ഉപഭോക്തൃ കോടതി വിധി പാലിക്കാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ വാറണ്ട് അയക്കുവാൻ ഉത്തരവ്. കൊടുങ്ങല്ലൂരുള്ള ഊർക്കോലിൽ വീട്ടിൽ ഉണ്ണിക്കൃഷ്ണൻ ഫയൽ ചെയ്ത ഹർജിയിലാണ്, കൊടുങ്ങല്ലൂർ ശൃംഗപുരത്തുള്ള പിട്ടാപ്പിള്ളിൽ ഏജൻസീസ് ഉടമക്കെതിരെ വാറണ്ട് അയക്കുവാൻ ഉത്തരവായത്.

ഉണ്ണിക്കൃഷ്ണൻ ഫയൽ ചെയ്ത ഹർജിയിലെ വിധി പ്രകാരം പിട്ടാപ്പിള്ളിൽ ഏജൻസീസ് ഉടമ, ഫ്രിഡ്ജിന്റെ വില 18,900 രൂപയും പുറമെ 10,000 രൂപയും നൽകേണ്ടതുണ്ടായിരുന്നു.എന്നാൽ വിധി പാലിക്കുകയുണ്ടായില്ല. തുടർന്ന് വിധി പാലിക്കാതിരുന്നതിന് ഉപഭോക്തൃനിയമം വകുപ്പ് 72 പ്രകാരം എതൃകക്ഷിയെ ശിക്ഷിക്കുവാൻ ആവശ്യപ്പെട്ട് ഹർജി ഫയൽ ചെയ്യുകയായിരുന്നു. വിധി പാലിക്കാതിരുന്നതിന് മൂന്ന് വർഷം വരെ ജയിൽ ശിക്ഷ വിധിക്കുവാൻ ഉപഭോക്തൃ കോടതിക്ക് അധികാരമുള്ളതാകുന്നു. ഹർജി പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി പിട്ടാപ്പിള്ളിൽ ഏജൻസീസ് ഉടമക്കെതിരെ പോലീസ് മുഖേനെ വാറണ്ട് അയക്കുവാൻ കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

ടോയ്‌ലെറ്റ് സമുച്ചയം ഉദ്ഘാടനം നടത്തി

അവിട്ടത്തൂർ : എൽ.ബി. എസ്.എം. ഹയർ സെക്കണ്ടറി സ്കൂളിൽ ജില്ലാ പഞ്ചായത്ത് പണി തീർത്ത പെൺകുട്ടികൾക്കായിട്ടുള്ള ടോയ്‌ലെറ്റ് സമുച്ചയം ജില്ല പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ലത ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. വേളൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ. എസ്. ധനീഷ് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് മെമ്പർ വിജയലക്ഷ്മി വിനയചന്ദൻ, വാർഡ് മെമ്പർ ലീന ഉണ്ണികൃഷ്ണൻ, പി.ടി.എ. പ്രസിഡണ്ട് ജോസഫ് അക്കരക്കാരൻ, മാനേജ്മെന്റ് കമ്മറ്റി അംഗങ്ങളായ എ.സി. സുരേഷ്, കെ.കെ. കൃഷ്ണൻ നമ്പൂതിരി, ഹെഡ്മാസ്റ്റർ മെജോ പോൾ, ദീപ സുകുമാരൻ, എൻ. എസ്. രജനിശ്രീ, സി. രാജലക്ഷ്മി, പി.ജി. ഉല്ലാസ് എന്നിവർ പ്രസംഗിച്ചു.

ബി.എം.എസ്.പ്രക്ഷോഭം:

തൃശൂർ: കേരള സർക്കാരിന്റെ തൊഴിലാളി ദ്രോഹ ജനദ്രോഹ നയങ്ങൾ തിരുത്തണമെന്നാവശ്യപ്പെട്ട് ബി.എം.എസ്. സംസ്ഥാന വ്യാപക പ്രക്ഷോഭത്തിലേക്ക് .തൃശൂർ ജില്ലയിൽ സെപ്തംബർ 17 മുതൽ ഒക്ടോബർ14വരെ പഞ്ചായത്ത് മുൻസിപ്പൽ കോർപ്പറേഷൻ തലത്തിൽ പ്രചരണ പദയാത്ര സംഘടിപ്പിക്കുന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ജില്ലാ പ്രസിഡന്റ് കെ.വി. വിനോദ്, ഭാരവാഹികളായ എ സി.കൃഷ്ണൻ ,എം.കെ. ഉണ്ണികൃഷ്ണൻ , കെ.എൻ.വിജയൻ , കെ. ഹരീഷ് പങ്കെടുത്തു

സുജിത്തിന്റെ വിവാഹത്തിന് ഗുരുവായൂർ ക്ഷേത്രത്തിൽ കാണിക്കയിടാൻ യുഎഇ ദിർഹം

കുന്നംകുളം: പോലീസ് സ്റ്റേഷനിൽ കസ്റ്റഡി മർദ്ദനത്തിന് ഇരയായ കാണിപ്പയ്യൂർ സ്വദേശിയും ചൊവ്വന്നൂർ മണ്ഡലം യൂത്ത് കോൺഗ്രസ് പ്രസിഡണ്ടുമായ സുജിത്ത് വിവാഹിതനായി

ഗുരുവായൂർ ക്ഷേത്ര നടയിൽ രാവിലെ 7 നും 7 45 നും ഇടയിലുള്ള മുഹൂർത്തത്തിൽ ആയിരുന്നു താലികെട്ട് വിവാഹത്തിനു ശേഷം ക്ഷേത്രത്തിൽ കാണിക്കയിടാൻ യുഎഇ ദിർഹം നൽകി സുഹൃത്തും ഇൻകാസ് സംസ്ഥാന സെക്രട്ടറിയുമായ സി.സാദിഖ് അലി അഞ്ച് വർഷംനീണ്ട പ്രണയത്തിന് ഒടുവിലാണ് സുജിത്ത് വിവാഹിതനാകുന്നത് പുതുശ്ശേരി സ്വദേശിയായ കൃഷ്ണയാണ് വധു ക്ഷേത്രത്തിൽ വിവാഹത്തിന് ചടങ്ങിൽ പങ്കെടുക്കാൻ ഡിസിസി പ്രസിഡൻറ് ജോസഫ് ടാജറ്റ് ഉൾപ്പെടെയുള്ള നിരവധി നേതാക്കൾ എത്തിയിരുന്നു

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003

ACP No. 142/2025

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567
-Petitioner

1. **Mrs. Latha K S,** aged 48 years, W/o Suresh, Muringatheri House, Enkakad, Thekkumkara P.O., Thrissur Dt., Kerala-680589
2. **Mr. Suresh M K,** aged 50 years, S/o Kunchu, Muringatheri House, Enkakad, Thekkumkara P.O., Thrissur Dt., Kerala-680589
3. **Ms. Anjali M S**, D/o Suresh, aged 26 years, Muringatheri House, Enkakad, Thekkumkara P.O., Thrissur Dt., Kerala-680589

Respondents

The above numbered case is posted to **22.09.2025** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003

ACP No. 148/2025

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567
-Petitioner

1. **Mrs.Asna Ashkar O V,** W/o Ashkar, Aged about 25 years, Ossaruveetil (H) Changarakulam, Alancode PO, Ponnai Malappuram District PIN-679 585
2. **Mr. Sheheer O V**, Aged about 37 Years, Ossaruveetil (H) Changarakulam, Alancode PO,Ponnai Malappuram District PIN-679 585
3. **Mr.Mohammed Binsheer,** Aged about 34 Years, S/o Abhulla Ambalathu (H) Marancheri Purangu PO., Malappuram District Kerala PIN-679 584

- Respondents

The above numbered case is posted to **22.09.2025** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003

ACP No. 140/2025

Maben Nidhi Ltd.,No: IV/709B,1st